**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര** ചിഹ്നമിടാത്ത **ചോദ്യം** നമ്പർ. **5575** **18.11.2019 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് എയിംസ് സ്ഥാപിക്കുന്നതിന് നടപടി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ജെയിംസ് മാത്യു**<br>**,, യു. ആർ. പ്രദീപ്**<br>**,, വി. കെ. സി. മമ്മത് കോയ**<br>**ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് ഓൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ നിരന്തരമായ ആവശ്യത്തോട് കേന്ദ്ര സർക്കാർ അനുകൂലമായി പ്രതികരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) എല്ലാ സംസ്ഥാനങ്ങളിലും എയിംസ് മാതൃകയിൽ ഇൻസ്റ്റിട്യൂഷനുകൾ ഘട്ടം ഘട്ടമായി അനുവദിക്കുമെന്ന് കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ടെങ്കിലും കേരളത്തിന് ആയത് ഇതുവരെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഇക്കാര്യം സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്രത്തോട് ആവശ്യപ്പെട്ടു വരുന്നു. |
| (ബി) സംസ്ഥാനത്തെ പ്രധാന മെഡിക്കൽ കോളേജുകളെ എയിംസ് നിലവാരത്തിലേക്കുയർത്തി ഉത്കൃഷ്ട സ്ഥാപനങ്ങളാക്കുമെന്ന വാഗ്ദാനം നിറവേറ്റുന്നതിനു നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) മതിയായ അടിസ്ഥാന സൗകര്യം ഒരുക്കാത്തതിനാൽ വിദ്യാർത്ഥി പ്രവേശനാനുമതി നിഷേധിക്കപ്പെട്ട ഇടുക്കി മെഡിക്കൽ കോളേജിനു അംഗീകാരം നേടിയെടുക്കാനായിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ; | (സി) ഇടുക്കി മെഡിക്കൽ കോളേജിൽ MCI മാനദണ്ഡ പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഓരോന്നായി പൂർത്തീകരിച്ചു വരുന്നു. 2020-21 അധ്യയന വർഷം മുതൽ വിദ്യാർത്ഥി പ്രവേശനം നടത്തുന്നതിനുള്ള അനുമതിയ്ക്കായി MCI -യെ സമീപിച്ചിട്ടുണ്ട്. |
| (ഡി) അത്യാധുനിക മെഡിക്കൽ ഉപകരണങ്ങളും ഡയഗ്നോസ്റ്റിക് ഉപകരണങ്ങളും ദ്വിതീയ, തൃതീയ തല ആശുപത്രികളിൽ സജ്ജീകരിക്കാൻ പ്രവർത്തനം നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) ദ്വിതീയ, തൃതീയ തല ആശുപത്രികളിലേക്കാവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ അപേക്ഷയ്ക്കനുസരിച്ച് വിവിധ പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുത്തി മെഡിക്കൽ സർവീസസ് കോർപറേഷൻ വഴി ലഭ്യമാക്കി വരുന്നു . |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളെ എയിംസ് നിലവാരത്തിലേക്കുയർത്തുന്നതിനായി നടത്തി വരുന്ന പ്രവർത്തനങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിനെ മികവിൻറെ കേന്ദ്രമാക്കുന്നതിനു വേണ്ടിയുള്ള നടപടികളുടെ ഭാഗമായി 717.29 കോടി രൂപയുടെ മാസ്റ്റർ പ്ലാനിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൻറെ ആദ്യഘട്ടം നിർമ്മാണ പ്രവർത്തികൾ (58.37 കോടി രൂപയുടെ ) ആരംഭിച്ചു കഴിഞ്ഞു. കൂടാതെ 25,22,00,000/-(ഇരുപത്തിയഞ്ച് കോടി ഇരുപത്തിരണ്ട് ലക്ഷം രൂപ മാത്രം) രൂപ മുതൽമുടക്കിൽ നിർമ്മിച്ച പോളീട്രോമാകെട്ടിടത്തിൻറെ (മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക്) പ്രവർത്തനവും, പഠനനിലവാരവും, ഗവേഷണ സൗകര്യങ്ങളും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിൻറെ ഭാഗമായി പുതിയ മൾട്ടിഡിസിപ്ലിനറി റിസർച്ച് ലബോറട്ടറി, മൾട്ടിഡിസിപ്ലിനറി റിസർച്ച് യൂണിറ്റ്, വൈറൽ റിസർച്ച് &ഡയഗ്നോസ്റ്റിക് ലബോറട്ടറി അനിമൽ ഹൌസ് തുടങ്ങിയവയുടെ പ്രവർത്തനവും ആരംഭിച്ചു. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തിച്ചു വരുന്നു. അത്യാധുനിക മോർച്ചറി സംവിധാനവും ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തിച്ചു വരുന്നുണ്ട്. നവീകരിച്ച ഉദ്ഘാടനത്തിന് സജ്ജമാകുന്ന Casualty എന്നിവ ഇതിൻറെ ഭാഗമാണ്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അത്യാഹിത വിഭാഗത്തിൽ വിദഗ്ധ ചികിത്സയ്ക്കായി നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉദ്ഘാടനത്തിന് സജ്ജമാക്കിവരുന്ന പുതിയ Casualty -ൽ എമർജൻസി മെഡിസിൻ & ക്രിട്ടിക്കൽ കെയർ യൂണിറ്റും അത്യാധുനിക ഉപകരണങ്ങൾ അടക്കം എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

ആശുപത്രികൾ രോഗി സൗഹൃദമാകുന്നതിന്റെ ഭാഗമായി ആർദ്രം പദ്ധതിയിൽപ്പെടുത്തി ഒ.പി വിഭാഗം നവീകരിക്കുന്നതിനും മറ്റു പണികൾക്കുമായി 5,09,60,000/-രൂപയുടെ ഭരണാനുമതി ലഭിക്കുകയും പണികൾ പൂർത്തീകരിച്ചു പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഒ .പി വിഭാഗം അത്യാധുനിക രീതിയിൽ നവീകരിക്കുകയും ഒ.പി യിൽ എത്തുന്ന രോഗികൾക്ക് പൊതുവിൽ സഹായകരമാകുന്ന രീതിയിൽ ഇ-ഹെൽത്ത് പ്രൊജക്റ്റ് പൂർണമായും 18 കോടിയോളം രൂപ ചെലവഴിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Pharmacy, ദന്തൽ, പാരാമെഡിക്കൽ വിദ്യാർത്ഥിനികൾക്കുള്ള പുതിയ പാർപ്പിട സമുച്ചയ നിർമാണത്തിന് 20 കോടി രൂപ അനുവദിക്കുകയും ,പണികൾ പുരോഗമിക്കുകയും ചെയ്യുന്നു .പി.ഐ.പി.എം.എസ് ലേഡീസ് ഹോസ്റ്റലിന് മുകളിൽ 1,79,40,000/-രൂപ മുടക്കി ഒരു നില കൂടി പണിയുന്നതിന് ഭരണാനുമതി ലഭിക്കുകയും പണികൾ പൂർത്തിയായി വരികയും ചെയ്യുന്നു .കൂടാതെ വിവിധ ഹോസ്റ്റലുകളുടെ നവീകരണത്തിനായി 6,99,00,000/- രൂപയുടെ ഭരണാനുമതി ലഭിക്കുകയും പണികൾ പൂർത്തിയായി വരികയും ചെയ്യുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജിനെ മികവിൻറെ കേന്ദ്രമാക്കുന്നതിനായി ആർദ്രം പദ്ധതിയിലുൾപ്പെടുത്തിയവ മാതൃശിശു സംരക്ഷണ കേന്ദ്രത്തിലെയും സൂപ്പർസ്പെഷ്യാലിറ്റിയിലെയും OP Block നിർമ്മാണം, ചെസ്റ്റ് ആശുപത്രി മാതൃശിശു സംരക്ഷണ കേന്ദ്രം, സൂപ്പർസ്പെഷ്യാലിറ്റി എന്നിവിടങ്ങളിലെ വെയിറ്റിങ്ങ് ഏരിയ, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ ടോയിലറ്റുകളുടെ നിർമ്മാണം, നിലവിലുള്ളവയുടെ നവീകരണം, ഫാർമസി കോളേജ്, സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്ക് എന്നിവിടങ്ങൾക്കടുത്തായി പാർക്കിംഗ് ഏരിയ, സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്കിലേക്കുള്ള റോഡിൽ ഇൻറർലോക്ക് പാകൽ, ഇവിടങ്ങളിലെ ഇലക്ട്രിക്കൽ വർക്ക്, ഒ.പി ബ്ലോക്കിൽ എ.സി സ്ഥാപിക്കൽ, എന്നിവയാണ്. ഈ പ്രവർത്തികൾ നടന്നു വരുന്നു. കൂടാതെ എൻ.എം.സി.എച്ച് ലെ ഒ.പി ബ്ലോക്ക് നിർമ്മാണം, വെയിറ്റിങ്ങ് ഏരിയ, എന്നിവയും ആർദ്രം പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി രോഗീ സൌഹൃദമാക്കുന്നതിന് അനുവദിച്ച 2 കോടി രൂപയിൽ ഐ.എം.സി.എച്ച്- ൽ രോഗികൾക്ക് വസ്ത്രം ഉണക്കുവാനിടുന്ന സ്ഥലത്തിൻറെ നിർമ്മാണം, എസ്.ഡി.എസ്.എം കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൽ രോഗികൾക്ക് കാത്തിരിപ്പുസ്ഥലത്തിൻറെ നിർമ്മാണം, ഐ.എം.സി.എച്ച് ലെ ഡൈനിംഗ് ഹാൾ നവീകരണം, രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ടി ക്യാമ്പസ്സിലെ ഹോസ്പിറ്റലിനു ചുറ്റുമുള്ള റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ തുടങ്ങിയവയും നടന്നുവരുന്നു. ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൻറെ ഭാഗമായി മെഡിക്കൽ ഓങ്കോളജി, റേഡിയോതെറാപ്പി വിഭാഗങ്ങളെ ഒരേ സമുച്ചയത്തിലാക്കി 30000 Square feet-ൽ പുതുതായി ത്രിതീയ കാൻസർ കെയർ സെൻറർ ആരംഭിച്ചു. റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ 6 കോടി രൂപ ചിലവിൽ അത്യാധുനിക 128 സ്ലൈസ് കാർഡിയോ സി.ടി സ്കാൻ സ്ഥാപിച്ചു. കുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽ 14 കോടി രൂപ അനുവദിച്ചു. രോഗികളുടെ രോഗവിവരങ്ങളുടെയും അനുബന്ധ വിവരങ്ങളുടെയും ഡിജിറ്റൽ വൽക്കരണവും ഭാവിയിൽ പഠനഗവേഷണങ്ങൾക്കായി വിവരങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക എന്നിവയ്ക്കായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഇ-ഹെൽത്ത് പദ്ധതി. ഇതിൻറെ ഭാഗമായി ഈ സ്ഥാപനത്തിൽ ഈ-ഹെൽത്ത് പദ്ധതി ഒ.പി.രജിസ്ട്രേഷൻ തലത്തിൽ എത്തി നിൽക്കുന്നു. അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 10 കോടി രൂപ ചിലവിൽ ലക്ച ർ തിയേറ്റർ കോംപ്ലക്സ് സ്ഥാപിച്ചു. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ 5 കോടി ചിലവഴിച്ച് പക്ഷാഘാത ചികിത്സയ്ക്കായി സ്ട്രോക്ക് യൂണിറ്റ് സ്ഥാപിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിൻറെ സമഗ്രവികസനത്തിനായി മാതൃഭൂമി മിഷൻറെ നേതൃത്വത്തിൽ തയ്യാറാക്കിയ മാസ്റ്റർപ്ലാൻ സർക്കാർ പരിശോധിച്ച് വരുന്നു. സംസ്ഥാന സർക്കാരിന്റെ ഷെയറോടെ 195 കോടി രൂപ മുതൽ മുടക്കി PMSSY പദ്ധതി പ്രകാരം നിർമിക്കുന്ന super specialty ആശുപത്രിയുടെ നിർമാണം പൂർത്തിയായി വരുന്നു.

കോട്ടയം മെഡിക്കൽ കോളേജിനെ മികവിൻറെ കേന്ദ്രമാക്കി മാറ്റുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1 ആർദ്രം പദ്ധതി പ്രകാരം 8.9 കോടി രൂപ ചിലവിൽ പ്രൈമറി വെയിറ്റിംഗ് ഏരിയ, ഫാർമസി വെയിറ്റിംഗ് ഏരിയ, ക്യാൻസർ വെയിറ്റിംഗ് ഏരിയ എന്നിവയുടെ നിർമ്മാണം ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നു. ഒരു മാസത്തിനകം പൂർണ്ണമായും പ്രവർത്തനക്ഷമമാകും.

2 92 ലക്ഷം ചിലവിൽ കെ.എം.എസ്.സി എൽ വഴി ടേൺകീ പ്രൊജക്ടായി നടത്തുന്നു. സിവിൽ ജോലികൾ പൂർത്തീകരിക്കുകയും ഇലക്ട്രിക്കൽ ജോലികൾക്കായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. മെഷീനുകൾക്ക് ഓർഡർ നൽകി.

3. കെ.എം.എസ്.സി.എൽ വഴി എം.ആർ.ഐ.സ്കാനിംഗ് സ്ഥാപിക്കുന്നതിനായി ജിഇ ഇലക്ട്രിക്കൽ എന്ന കമ്പനിക്ക് ഓർഡർ കൊടുത്തു. കെട്ടിടം പണി ആരംഭിച്ചു.

കേന്ദ്രഗവൺമെൻറ് പദ്ധതികൾ

1. ബേൺസ് യൂണിറ്റ് കെ.എസ്.സി.എൽ വഴി പണി തുടങ്ങുവാനുള്ള കരാർ ഒപ്പുവച്ചു. (ടേൺകീ പ്രൊജക്ട്)
2. 5 കോടി മുതൽ മുടക്കിൽ മൾട്ടി ഡിസിപ്ലിനറി റിസേർച്ച് ലാബ് ആരംഭിക്കുന്നതിന് ടെൻറർ നടപടികൾ നടന്നുവരുന്നു. സിവിൽ വർക്കുകൾ പുരോഗമിക്കുന്നു.
3. സെൻട്രൽ സ്കിൽ ലാബിൻറെ സിവിൽ വർക്കുകൾ പുരോഗമിക്കുന്നു.
4. 16 കോടി മുതൽ മുടക്കിൽ ഏകദേശം 120 ബെഡ്ഡുകളും 5 ഓപ്പറേഷൻ തീയറ്ററുകളും 2 ഐ.സി.യു ബെഡ്ഡുകളും എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെൻറുകൾ ഉൾപ്പെടെ രണ്ടാംഘട്ട അത്യാഹിത വിഭാഗത്തിൻറെ സിവിൽ വർക്കുകൾ മുന്നോട്ട് നീങ്ങുന്നു. ഇലക്ട്രിക്കൽ വർക്കുകൾ ടെൻഡർ നടപടികൾ പി.ഡബ്ലിയു.ഡിയെ ഏൽപ്പിച്ചിട്ടുണ്ട്.
5. അത്യാഹിത വിഭാഗത്തിലെ രോഗികൾക്കുള്ള കാത്തിരിപ്പ് കേന്ദ്രവും ലോക്കൽ ഒ.പി യുടെയും പി.ഡബ്ലിയു.ഡി സിവിൽ വർക്കുകൾ ഉടൻ തുടങ്ങുവാൻ സാധിക്കും.

6. 6 കോടി മുതൽമുടക്കിൽ ഹൗസ് സർജൻസ് ക്വാർട്ടേഴ്സിൻറെ പണി ആരംഭിച്ചു
7. 50 ലക്ഷം മുതൽമുടക്കിൽ ആശുപത്രി സൂപ്രണ്ട് ഓഫീസിൻറെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് വരുന്നു.
8. ക്യാൻസർ ഐ.സി.യു-വിന്റെ സിവിൽ ഇലക്ട്രിക്കൽ വർക്കുകൾ കഴിഞ്ഞു. ആവശ്യമായ ഫർണ്ണീച്ചർ വാങ്ങി. ഒരു മാസത്തിനുള്ളിൽ പ്രവർത്തനക്ഷമമാകും.
9. നാല് കോടി മുതൽ മുടക്കിൽ സി.ടി.സിമുലേറ്റർ സ്ഥാപിക്കുന്നതിന് പ്രവർത്തനങ്ങൾ നടന്നുവരുന്നു. മെഷീൻ എത്തി. ഇലക്ട്രിക്കൽ വർക്കുകൾ നടത്തേണ്ടതുണ്ട്.
10. 11 കോടി മുതൽ മുടക്കിൽ കെ.എം.എസ്.സി.എൽ വഴി ലീനിയർ ആക്സിലേറ്റർ സ്ഥാപിക്കുന്നതിനുള്ള വർക്കുകൾ പുരോഗമിക്കുന്നു.
11. 3.3 കോടി മുതൽ മുടക്കിൽ കെ.എം.എസ് സി.എൽ വഴി ഭരണാനുമതി കിട്ടി ഓർഡർ കൊടുത്തിരിക്കുന്നു.
12. 560 കോടി മുതൽമുടക്കിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ആരംഭിക്കുന്നതിൻറെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കിഫ്ബി വഴി എൻവയൺമെൻറൽ ക്ലിയറൻസ്, ടെക്നിക്കൽ ഇൻസ്പെക്ഷൻ മുതലായവ പുരോഗമിക്കുന്നു.

13. 25 കോടി ചിലവിൽ പാരാമെഡിക്കൽ ഹോസ്റ്റൽ മെഡിക്കൽ സർജിക്കൽ സ്റ്റോർ, ഫാർമസി കോളേജ് രണ്ടാംഘട്ടം എന്നിവയുടെ തുടർപ്രവർത്തനങ്ങൾ.
14. 2 കോടി ചിലവിൽ ടോയ്ലറ്റ് ബ്ലോക്കുകളുടെ പണി ആരംഭിച്ചു. 3 മാസത്തിനകം പൂർത്തീകരിക്കാൻ സാധിക്കും.
15. സെൻട്രൽ ലാബ് നവീകരണം പൂർത്തീകരിച്ചു. കമ്പ്യൂട്ടറൈസേഷൻ നടക്കുന്നു.
16. ക്യാൻസർ വിഭാഗത്തിൽ പ്രവർത്തനങ്ങൾ നടക്കുന്നു.

എ) ടെറിഷറി ക്യാൻസർ കെയർ പ്രൊജക്ട് – 2017- 18 ബജറ്റിൽ 11.5 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്.

ബി) സി.റ്റി.സിമുലേറ്റർ- കെ.എം.എസ് സി.എൽ വഴി ഓർഡർ കൊടുത്ത് മെഷീൻ വന്നു. സൈറ്റ് റെഡിയായിട്ടുണ്ട്. ഇലക്ട്രിക്കൽ വർക്ക് നടത്തേണ്ടതുണ്ട്.

സി) ഓങ്കോളജി ഐ.സി.യു പണി പൂർത്തീകരിച്ചു.

ഡി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ക്യാൻസർ ഒ.പി.ഡി യുടെ നിർമ്മാണം പൂർത്തീകരിച്ചു.

17. ഗൈനക്കോളജിയുടെ നവീകരണത്തിനായി ലക്ഷ്യ പദ്ധതിയിൽ ഉൾപ്പെടുത്തി ലേബർ റൂമിൻറെ നവീകരണ പ്രവർത്തനങ്ങൾക്കായി 3.75 കോടി ടെൻഡർ ചെയ്തിട്ടുണ്ട്. പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും. സമയബന്ധിതമായി തീർക്കാൻ നടപടി സ്വീകരിച്ചു.
18. 90 ലക്ഷം മുതൽ മുടക്കിൽ പീഡിയാട്രിക്ക് കാർഡിയാക് തീയറ്റർ & ഐ.സി.യു വിൻറെ പണി ആരംഭിച്ചു. സമയബന്ധിതമായി തീർക്കാൻ നടപടി സ്വീകരിച്ചു

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിനെ മികവിൻറെ കേന്ദ്രമാക്കി മാറ്റുന്നതിൽ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

173.18 കോടി രൂപ മുതൽ മുടക്കി PMSSY പദ്ധതി പ്രകാരം സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണം പൂർത്തിയായി വരുന്നു. ഇതിൽ 120 കോടി രൂപ കേന്ദ്രസഹായവും 53.18 കോടി രൂപ സംസ്ഥാന വിഹിതവുമാണ്.

നബാർഡ് ധനസഹായത്തോടെ 30 കോടി രൂപ മുതൽ മുടക്കിൽ ഗൈനക്കോളജി വിഭാഗത്തിനായി ഒരു പുതിയ കെട്ടിടത്തിൻറെ നിർമ്മാണത്തിനായി തുക പി.ഡബ്ല്യൂ.ഡി യ്ക്ക് കൈമാറിയിട്ടുണ്ട്. നിർമ്മാണം പുരോഗമിച്ചു വരുന്നു.

ദേശീയ പാതയോരത്ത് സ്ഥിതി ചെയ്യുന്ന ആശുപത്രിയായതിനാൽ കേന്ദ്രസഹായത്തോടെ കൂടിയുള്ള ട്രോമാകെയർ യൂണിറ്റിനായി 3.6 കോടി രൂപ കേന്ദ്രസഹായവും അനുവദിക്കപ്പെട്ടിട്ടുണ്ട്. ഇതിൻറെ അനുപാതികമായി സംസ്ഥാന

വിഹിതമായി 2.36 കോടിയും അനുവദിക്കപ്പെട്ടിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

ക്യാൻസർ ചികിത്സ രംഗത്ത് അത്യാധുനിക സംവിധാനങ്ങളായ ലീനിയർ ആക്സിലേറ്റർ, സി.ടി.സിമുലേറ്റർ തുടങ്ങിയവ ഈ ആശുപത്രിയിൽ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. 12 കോടി രൂപ മുതൽ മുടക്കി എം.ആർ.ഐ.സ്കാനർ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 3.36 കോടി രൂപയും ടെലികോബാൾട്ട് മെഷീനുള്ള വിതരണ ഉത്തരവും ആയിട്ടുണ്ട്.

ഒ.പി നവീകരണത്തിനായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 2.5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. 11 കോടി രൂപ മുതൽ മുടക്കി മൾട്ടി ഡിസിപ്ലിനറി ഐ.സി.യു, 24 മണിക്കൂർ അത്യാഹിത വിഭാഗം ഫാർമസി, ലാബ് ഇവ പ്രവർത്തിക്കുന്നത്. ക്യാൻസർ കെയർ സൊസൈറ്റിയുടെ സഹായത്തോടെ ഒരു സി.ടി.സ്കാനും നിലവിൽ പ്രവർത്തിക്കുന്നു. കാർഡിയോളജി വിഭാഗത്തിൽ രോഗികൾക്ക് അടിയന്തിര ചികിത്സ ലഭ്യമാക്കുന്നതിനായി 50 ലക്ഷം രൂപ മുതൽ മുടക്കിൽ എച്ച്.ഡി.യു.എസ്.ജി, 44 ലക്ഷത്തിൻറെ ഇലക്ട്രോഫിസിയോളജി യൂണിറ്റ്, 24 ലക്ഷത്തിൻറെ ഐ.എൻ.ആർ മെഷീൻ, 24 ലക്ഷത്തിൻറെ എക്കോ മെഷീൻ ഇവ സജ്ജമാക്കിയിട്ടുണ്ട്.

ആർ.സി.സി. മാതൃകയിലുള്ള ക്യാൻസർ ചികിത്സ ലഭ്യമാക്കുന്നതിനായി സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ഓറൽ പത്തോളജി, എന്നിവയിൽ അധിക തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ഓങ്കോളജിയ്ക്ക് വേണ്ടി പ്രത്യേക കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആദ്യഗഡുവായി 3 കോടി രൂപ അനുവദിക്കപ്പെട്ടിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിലെ നെഫ്രോളജി, പീഡിയാട്രിക്സ് കാർഡിയോളജി, മെഡിസിൻ എന്നീ വിഭാഗങ്ങളിൽ സി.ടി.സിമുലേറ്റർ അധികമായി അനുവദിക്കപ്പെട്ടിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കി വരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷം രോഗി സൗഹൃദം മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക ശീർഷകത്തിൽ 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ശുചി മുറികളുടെ അറ്റകുറ്റപണിയും നവീകരണവും രോഗികളുടെ സുഗമമായ സഞ്ചാരത്തിനും വേണ്ടിയുള്ള ഇടനാഴി, രോഗികൾക്കാവശ്യമായ വിവരങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനുള്ള സൗകര്യം , പേഷ്യൻറ് അനൗൺസ്മെൻറ് സിസ്റ്റം എന്നിവ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ രോഗി സൗഹൃദം മെച്ചപ്പെടുത്തുന്നതിനായി 150 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിനുള്ള ഭരണാനുമതിയ്ക്കായി പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

2016-17, 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിലായി ആകെ 716.07 കോടി രൂപ തൃശ്ശൂർ ഗവൺമെൻറ് മെഡിക്കൽ കോളേജിൻറെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഇതിൻറെ ഭാഗമായി ആർദ്രം, ഈ ഹെൽത്ത് എന്നീ പദ്ധതികൾ ആരംഭിച്ചു കഴിഞ്ഞു. കാത്ത് ലാബ്, ജെറിയാട്രിക് ക്ലിനിക് കീമോ ഡെ കെയർ എന്നിവ പ്രവർത്തനം ആരംഭിച്ചു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി, Mother Child Block മാസ്റ്റർ പ്ലാനിൻറെ ഭാഗമായി special purpose vehicle ആയ INKEL പ്ലാൻ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചു. ഇതിൻറെ ഭാഗമായി സൂപ്പർ സ്പെഷ്യാലിറ്റിക്കായി 277 കോടി, Mother Child Block നായി 285.54 കോടി കിഫ് ബി വഴി അനുവദിച്ച് നടപ്പാക്കുന്നതിനുള്ള പ്രൊപോസൽ അംഗീകരിച്ച് സർക്കാർ ഉത്തരവായി.

. മഞ്ചേരി മെഡിക്കൽ കോളേജ് :- ആർദ്രം പദ്ധതി മുഖേന ഒ.പി നവീകരണം, രോഗീ സൗഹൃദപദ്ധതി മുഖാന്തിരം രോഗി സൗഹൃദമാക്കൽ, എൽഡേർലി ഫ്രണ്ട്‌ലി പദ്ധതി മുഖാന്തിരം വയോജന സൗഹൃദമാക്കൽ ഐ.എം.സി.എച്ച് സ്റ്റാൻഡൈസേഷൻ പദ്ധതി പ്രകാരം സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രി സൗകര്യ നവീകരണം, ടെറിഷ്യറി കെയർ പദ്ധതി മുഖാന്തിരം ക്യാൻസർ പരിശോധന ഉറപ്പാക്കൽ, മോഡോൺ ഇമേജിംഗ് സൗകര്യങ്ങൾ വിപുലപ്പെടുത്തൽ എന്നിവയ്ക്കായി പ്രത്യേകം തുക അനുവദിച്ച് രോഗികൾക്കുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

സർക്കാർ ഏറ്റെടുത്തതിന് ശേഷം എറണാകുളം സർക്കാർ ആശുപത്രിയിൽ രോഗികളുടെ എണ്ണത്തിൽ അത്ഭുതപൂർവമായ വർദ്ധനവാണുള്ളത്. നിലവിൽ ഒ.പി വിഭാഗത്തിൽ ഏകദേശം 2000 ത്തോളം രോഗികൾക്കും ഐ.പി വിഭാഗത്തിൽ ഏകദേശം 500 ഓളം രോഗികൾക്കും ദിവസേന ചികിത്സ നൽകി വരുന്നു. മുൻപ് ഏകദേശം ഒ.പി വിഭാഗത്തിൽ 800 പേരും ഐ.പി വിഭാഗത്തിൽ 250 പേരുമാണ് ഉണ്ടായിരുന്നത്.

1 എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ പുതിയ സൂപ്പർ സ്പെഷ്യൽറ്റി , മാതൃ ശിശു സംരക്ഷണ വിഭാഗം എന്നിവ ഉൾപ്പെടുന്ന ആശുപത്രി സമുച്ചയം നിർമിക്കുന്നതിനും സ്റ്റാഫ് ക്വാർട്ടേഴ്സിനും വേണ്ടി അനുവദിച്ച 368 .75 കോടി രൂപയുടെ പ്രവൃത്തികൾ കിഫ്ബി വഴി INKEL നടപ്പിലാക്കി വരുന്നു.

2. ആശുപത്രിയിൽ കാർഡിയോളജി വിഭാഗത്തിന് മാത്രമായി പ്രത്യേകം സജ്ജമാക്കിയ നാലു നിലകളുള്ള കാർഡിയോളജി ബ്ലോക്കിലെ ഒ.പി യിൽ രോഗികൾക്ക് നല്ല രീതിയിൽ സേവനം നൽകി വരുന്നു. ഈ ബ്ലോക്കിൽ കിഫ്ബിയുടെ സഹായത്തോടെ 13 കോടി രൂപ ചെലവഴിച്ച്. പുതുതായി സ്ഥാപിച്ച കാത്ത് ലാബ് സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്

3. ഒരു ഷിഫ്റ്റിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഡയാലിസിസ് യൂണിറ്റ് പുതിയ 15 ഡയാലിസിസ് മെഷീനുകളുടെ സഹായത്തോടെ 3 ഷിഫ്റ്റായി പ്രവർത്തനം പുനഃക്രമീകരിച്ച് നല്ല രീതിയിൽ സേവനം നടത്തി വരുന്നു. ഒരു മാസം ഏകദേശം 310 ഡയാലിസിസ് കേസുകൾ ഈ ആശുപത്രിയിൽ നടത്തി വരുന്നു. കേന്ദ്ര സർക്കാർ സ്ഥാപനമായ പവർ ഗ്രിഡ് കോർപ്പറേഷൻ ഡയാലിസിസ് യൂണിറ്റ് നവീകരണത്തിനായി 1 കോടി രൂപ അനുവദിച്ചു. പുതിയ ഡയാലിസിസ് മെഷീനുകൾ ഉൾപ്പെടുത്തി അതിവിപുലമായ സജ്ജീകരണമാണ് ഒരുക്കിയിട്ടുള്ളത്.

4. ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 5കോടി രൂപ ചെലവഴിച്ച് പുതുതായി ആരംഭിച്ച സി.ടി സ്കാൻ യൂണിറ്റ് നല്ല രീതിയിൽ 24 മണിക്കൂറും പ്രവർത്തിച്ച് വരുന്നു. ഒരു ദിവസം ഏകദേശം 45ഓളം സി.ടി സ്കാനിംഗ് നടത്തി വരുന്നു.

5. MRI അടക്കമുള്ള 25 കോടി രൂപയുടെ ഇമേജിംഗ് സെന്റർ 2019 ജൂലൈ മുതൽ പ്രവർത്തിച്ചു വരുന്നു.

6. ആശുപത്രി നവീകരണത്തിനു മാത്രമായി 4.48 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി ഓപ്പറേഷൻ തിയേറ്റർ, ലേബർ റൂം, നവജാത ശിശുരോഗ വിഭാഗം, ചില വാർഡുകൾ എന്നിവയുടെ പണി പൂർത്തിയാക്കുകയും ബാക്കി വാർഡുകളുടെ പണികൾ പുരോഗമിക്കുകയുമാണ്. ഐ.സി.യു -കളുടെ നവീകരണം പൂർത്തിയായി വരുന്നു.

7. പ്രസവമുറി,നവജാത ശിശുരോഗവിഭാഗം എന്നിവയുടെ വിപുലീകരണത്തോടെ ആശുപത്രിയിൽ നടക്കുന്ന ഡെലിവറികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ലേബർ റൂമിനോട് ചേർന്ന് രണ്ട് ഓപ്പറേഷൻ തിയറ്ററുകൾ കൂടി സ്ഥാപിച്ചു. നവജാത ശിശുവിഭാഗം പുതിയ വെന്റിലേറ്ററുകൾ ഉൾപ്പെടുത്തി വിപുലീകരിച്ചു.

8. മോർച്ചറി ശ്രീ.ജോൺ ഫെർണാണ്ടസ് എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 80 ലക്ഷം രൂപ ഉപയോഗിച്ച് നവീകരിച്ചു.

9. നിലവിൽ ഐ.സി.യു കളിൽ മാത്രമുണ്ടായിരുന്ന സെൻട്രൽ ഓക്സിജൻ പൈപ്പ് ലൈൻ വാർഡുകളിലും കൂടി സ്ഥാപിച്ചു.

10. ആർദ്രം പദ്ധതി

പേഷ്യന്റ് വെയിറ്റിങ് ഏരിയ, ഡ്രഗ് ഡിസ്പെൻസിംഗ് ഏരിയ എന്നിവയുടെ പണികൾ ഏകദേശം പൂർത്തികരിച്ചു. ഒ.പി ടോക്കൺ സിസ്റ്റം ഇതോടു കൂടി നിലവിൽ വരും. രോഗികൾക്ക് ക്യൂ നിൽക്കാതെ ടോക്കൺ എടുക്കുന്നതിനും ഇരിക്കുന്നതിനുമുള്ള എയർ പോർട്ട് ചെയർ സൗകര്യവും ലഭ്യമാകും.

- ഒ. പി ബാത്ത്റൂമുകളുടെ നവീകരണ പ്രവൃത്തികൾ ഭൂരിഭാഗവും പൂർത്തികരിച്ചു
- മെഡിസിൻ ഒ.പി, സൈക്യാട്രി ഒ.പി എന്നിവയുടെ നവീകരണം പൂർത്തികരിച്ചു.
- വിവിധ ഒ.പി നിലകളുടെ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.
- ഒ.പി ബ്ലോക്കുകളെ ബന്ധിപ്പിക്കുന്ന പാലം പൂർത്തിയായി.

11. മുൻ.എം .പി ശ്രീ .കെ .വി .തോമസിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള സഹായം ഉപയോഗിച്ച് ദിവസേന 500 ടൺ മാലിന്യം സംസ്കരിക്കാവുന്ന ബയോഗ്യാസ് പ്ലാൻറ് നിർമ്മിച്ചു.

12. മൈക്രോബയോളജി വിഭാഗത്തിൽ ഇൻഫെക്ഷനുകൾ നേരത്തെ കണ്ടെത്തുന്നതിനായി Bactec മെഷീൻ സജ്ജീകരിച്ചിട്ടുണ്ട്. ടി.ബി രോഗബാധ നേരത്തേ കണ്ടെത്തുന്നതിനായി CBNAAT മെഷീൻ സ്ഥാപിച്ചിട്ടുണ്ട്.

13 .ഓപ്പറേഷൻ തിയ്യറ്ററിൽ അത്യാധുനിക ഒ.ടി ലൈറ്റുകളും താക്കോൽദ്വാര ശസ്ത്രക്രിയ ചെയ്യുന്നതിനായി അമേരിക്കൻ നിർമ്മിത മെഷീനുകളും സ്ഥാപിച്ചു

14. പെയിൻ & പാലിയേറ്റീവ് കെയർ സെന്ററിനു 12.68 കോടി രൂപ സിയാൽ മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്.
15. കെൽട്രോൺ മുഖേന ഒരു കോടി രൂപയുടെ റൂഫ് ടോപ് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
16. പവർ ഗ്രിഡ് കോർപ്പറേഷൻ മുഖേന 1.19 കോടി വരുന്ന ഹീമോ ഡയാലിസിസ് യൂണിറ്റ് നവീകരണത്തിന് അനുമതി ലഭിച്ചിട്ടുണ്ട്.
17. പുതിയ ലേഡീസ് ഹോസ്റ്റൽ പ്രവർത്തനം ആരംഭിച്ചു.
18. ക്യാൻസർ സെന്റർ പ്രവർത്തനം ആരംഭിച്ചു.
19. Casualty ,ഐ .സി,യു, ഓപ്പറേഷൻ തിയേറ്റർ എന്നിവിടങ്ങളിൽ വെന്റിലേറ്ററും മോണിറ്ററും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പുതുതായി സ്ഥാപിച്ചു.

**സെക്ഷൻ ഓഫീസർ**